**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1732** **02-02-2024 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ ഐ.എച്.ആർ.ഡി കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലമ്പുഴ മണ്ഡലത്തിലെ മലമ്പുഴ ഐ. എച്. ആർ. ഡി. കോളേജിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് അനുവദിച്ച ഫണ്ടുകളുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഐ.എച്ച്.ആർ.ഡി-യുടെ മലമ്പുഴ കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് നിർമ്മാണ പ്രവർത്തികൾക്കായി താഴെ പറയുന്ന തുകകൾ അനുവദിച്ചിട്ടുണ്ട്.<br><br>1) പ്രധാന കെട്ടിടത്തിന്റെ ഒന്നാം നില – 150 ലക്ഷം<br><br>2) ചുറ്റുമതിൽ – 30 ലക്ഷം |
| (ബി) | മലമ്പുഴ ഐ.എച്.ആർ.ഡി കോളേജിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ തുക അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഐ.എച്ച്.ആർ.ഡി സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ സർക്കാർ വർഷാവർഷം അനുവദിക്കുന്ന പ്ലാൻ ഫണ്ട് ഉപയോഗിച്ചാണ് നടത്തി വരുന്നത്. വരും വർഷങ്ങളിലെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കോളേജിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ